പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം<br>നം. T. 2305 | 18.02.2016 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യ എണ്ണയുടെ ഉപയോഗം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.റ്റി.യു. കുരുവിള<br>,, തോമസ് ഉണ്ണിയാടൻ<br>,, സി.എഫ്.തോമസ്** | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ എണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗം മൂലം കാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങളും കുടൽ രോഗങ്ങളും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ആരോഗ്യ വകുപ്പ് ഇതുസംബന്ധിച്ച് നിലവിൽ പഠനങ്ങളൊന്നും നടത്തിയിട്ടില്ല. |
| ബി) | പ്രസ്തുത സ്ഥിതിവിശേഷം നിയന്ത്രിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടപ്പിലാക്കിവരുന്ന നടപടികൾ എന്തെല്ലാമെന്ന വിശദമാക്കുമോ; | ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് സംസ്ഥാനവ്യാപകമായ ഫുഡ് ബിസിനസ്സ് ഓപ്പറേറ്റർമാർക്കും പൊതുജനങ്ങൾക്കുമായി സംഘടിപ്പിച്ചിട്ടുള്ള ക്ലാസ്സുകളിൽ ഭക്ഷ്യ എണ്ണയുടെ ആവർത്തിച്ചുള്ള ഉപയോഗത്തിന്റെ ദൂഷ്യ വശങ്ങളെ സംബന്ധിച്ച് ബോധവത്കരണം ഇതിനകം നടത്തിയിട്ടുണ്ട്. |
| സി) | ഭക്ഷ്യ എണ്ണയുടെ പ്രസ്തുത ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി പൊതുജനങ്ങൾക്കും ഭക്ഷണശാല നടത്തിപ്പുകാർക്കും അവബോധം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ? | സി) | ഭക്ഷ്യ എണ്ണയുടെ ഉപയോഗം മൂലമുണ്ടാകുന്ന രോഗങ്ങൾ നിയന്ത്രിക്കുന്നിനായി പൊതുജനങ്ങൾക്കും ഭക്ഷണശാല നടത്തിപ്പുകാർക്കും അവബോധം നൽകുന്നതിന് വേണ്ടി ലഘുലേഖകൾ, ബോധവത്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംസ്ഥാനവ്യാപകമായി ഭക്ഷ്യസുരക്ഷാ വകുപ്പ് സംഘടിപ്പിച്ചുവരുന്നു. കൂടാതെ ഇത്തരത്തിൽ ഭക്ഷ്യ എണ്ണ ആവർത്തിച്ച് ഉപയോഗിച്ച് ഭക്ഷ്യവസ്തുകൾ ഉത്പാദിപ്പിക്കുന്നവർക്കെതിരെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006, അനുസരിച്ച് നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ